## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2084 12.02.2013-ൽ മറുപടിയ്ക്ക്

### നാഷണൽ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നാഷണൽ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് ; ഇനി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ; | (എ) 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായുള്ള മത്സര ഇനങ്ങൾ കേരളത്തിലെ 7 ജില്ലകളിലെ 31 വേദികളിലായി സംഘടിപ്പിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി 14 സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണ/നവീകരണ പ്രവർത്തനങ്ങളും 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 7 താൽക്കാലിക വേദികളും ലക്ഷ്യമിടുന്നു. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. 14 സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br><br>10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>ഗെയിംസ് നടത്തിപ്പിനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ കീഴിൽ 20 സബ് കമ്മിറ്റികളും, 7 പ്രാദേശിക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നാഷണൽ ഗെയിംസിനു വേണ്ടി എന്തുതുക കേന്ദ്ര സർക്കാരിൽ നിന്നും ഇതേവരെ ലഭിച്ചിട്ടുണ്ട് ; | (ബി) | ദേശീയ ഗെയിംസിനുവേണ്ടി കേന്ദ്രസഹായമായി 55 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (സി) | നാഷണൽ ഗെയിംസിനു വേണ്ടി പൊളിച്ച തിരുവനന്തപുരത്തെ സ്വിമ്മിംഗ് പൂൾ പുനർ നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതിയെന്താണ് ; വ്യക്തമാക്കുമോ ? | (സി) | പുനർനിർമ്മാണത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ